"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-ജീവനകാര്യം -റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സ്ഥലമാറ്റം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനംവന്യജീവി(എഫ് )വകുപ്പ്

സ.ഉ.(സാധാ) നം.86/2025/F&WLD തീയതി, തിരുവനന്തപുരം, 28-02-2025.

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 31/01/2025 ലെ C7(VC-1/2025/SCT) 1270/2025/DVACB നമ്പർ കത്ത്.
2. വിജിലൻസ് (ഇ) വകുപ്പിന്റെ 22/02/2025 ലെ വിജി-ഇ4/85/2023-വിജി നമ്പർ കത്ത്.
3. സർക്കാരിന്റെ 21/02/2025 ലെ എ2/140/2024/വനം നമ്പർ കത്ത്.

<u>ഉത്തരവ്</u>

അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് പത്തനാപുരം ഫോറസ്റ്റ് റേഞ്ച് ഓഫീസിലെ റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.ദിലീഫ് ബി യ്ക്കെതിരെ (പെൻ നമ്പർ-154240) നടന്ന PE-10/2022/SCT പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ U/S 13(2) r/w 13(1) (e) of PC Act 1988 & U/S 13(2) r/w 13(1)(b) PC Act (amendment) 2018 പ്രകാരം 08-01-2025-ൽ വി.സി-01/2025/SCT നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, ടി കേസിലെ കുറ്റാരോപിതനായ ശ്രീ.ദിലീഫ് ബി തെളിവുകൾ നശിപ്പിക്കാനും, സാക്ഷികളെ സ്വാധീനിക്കാനും, സാധ്യതയുള്ളതിനാൽ കുറ്റാരോപിതനെ മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റണമെന്നും, പൊതുജനങ്ങളുമായി സമ്പർക്കം പുലർത്തുന്ന പോസ്റ്റുകളിലും ഓഫീസുകളിലും നിയമിക്കരുതെന്നും ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (1) പ്രകാരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ കത്ത് നൽകിയിരുന്നു. മേൽ കത്ത് പരാമർശം (2) പ്രകാരം അനന്തര നടപടിക്കായി ലഭ്യമാക്കുകയുണ്ടായി.

2. തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷനിലെ പരുത്തിപ്പള്ളി റേഞ്ചിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീമതി റോഷിനി ജി എസ് കേരള വനിതാ കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതിയിൽ വനിതാ കമ്മീഷൻ നൽകിയ ശിപാർശ പരിഗണിച്ചു അന്വേഷണം നടക്കുന്ന സാഹചര്യത്തിൽ തിരുവനന്തപുരം ഫ്ലയിങ് സ്ക്വാഡ് റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ രഞ്ജിത്ത് കുമാർ വി. എസ് നെ സ്ഥലം മാറ്റാൻ പരാമർശം (3) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദേശം നൽകിയിരുന്നു.

3. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ശിപാർശ, ഖണ്ഡിക

(2) ൽ പരാമർശിച്ചിട്ടുള്ള സ്ഥലമാറ്റം എന്നിവ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായും, അതോടൊപ്പം വന്യജീവി സംഘർഷം ഗുരുതരമായ സ്ഥലങ്ങൾ ഒഴിവാക്കിയിടാതിരിക്കാനുമായി, റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ താഴെപറയുന്ന സ്ഥലം മാറ്റങ്ങൾ അടിയന്തിരമായി നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

1. ശ്രീ. ദിലീഫ് . ബി (PEN. 154240 ) റേഞ്ച് ഫോറസ്റ്റ് ഓഫീസർ റാന്നിയെ റേഞ്ച് ഫോറസ്റ്റ് ഓഫീസർ എലിഫന്റ് സ്ക്വാഡ്, സുൽത്താൻ ബത്തേരി ആയി സ്ഥലം മാറ്റി നിയമിക്കുന്നു.

2. ശ്രീ, രഞ്ജിത്ത് കുമാർ വി. എസ്, റേഞ്ച് ഫോറസ്റ്റ് ഓഫീസർ ഫ്ലയിങ് സ്ക്വാഡ് റേഞ്ച് തിരുവനന്തപുരത്തെ വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ സുൽത്താൻ ബത്തേരി റേഞ്ചിൽ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ആയി സ്ഥലം മാറ്റി നിയമിക്കുന്നു.

3. ശ്രീ. ബി. ആർ ജയൻ, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, സുൽത്താൻ ബത്തേരി റേഞ്ച്, വയനാട് വൈൽഡ് ലൈഫ് ഡിവിഷനെ റേഞ്ച് ഫോറസ്റ്റ് ഓഫീസർ റാന്നി ആയി സ്ഥലം മാറ്റി നിയമിക്കുന്നു.

4. ശ്രീ വിജി പി വർഗ്ഗീസ്, റേഞ്ച് ഫോറസ്റ്റ് ഓഫീസർ, സെൻട്രൽ നഴ്സറി ചാലക്കുടിയെ റേഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറസ്റ്ററി തൃശ്ശൂർ ആയി സ്ഥലം മാറ്റി നിയമിക്കുന്നു.

5. റേഞ്ച് ഫോറസ്റ്റ് ഓഫീസർ തിരുവനന്തപുരം ഫ്ലയിങ് സ്ക്വാഡിന്റെ അധിക ചുമതല പേപ്പാറ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ശ്രീ സലിൽ ജോസ് മറ്റൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ നിർവഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽഅക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) (എ & ഇ) കേരള, തിരുവനന്തപുരം.

വെബ് ന്യൂ മീഡിയ.

വനം വന്യജീവി (എ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 28-02-2025 16:42:00

പകർപ്പ്
ബഹു വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്.